നം. ഇ.എക്സ്.സി./76/2018/എക്സ്.എ.7

എക്സൈസ് കമ്മീഷണറുടെ കാര്യാലയം
തിരുവനന്തപുരം.
തീയതി: 03.07.2018

# സർക്കുലർ

സർക്കാരിന്റെ 25.02.2012 തീയതിയിലെ 144/12/നി.വ നമ്പർ ഉത്തരവ് പ്രകാരം എക്സൈസ് വകുപ്പിന് അനുവദിച്ച മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബിന്റെ പ്രവർത്തനം സംബന്ധിച്ച് 09.09.2013-ൽ XA1-22013/13 നമ്പർ പ്രകാരമുള്ള സർക്കുലർ പരിഷ്കരിക്കുകയും ആയത് സംബന്ധിച്ച് ചുവടെ വിവരിക്കുന്ന കാര്യങ്ങൾ പ്രാവർത്തികമാക്കേണ്ടതുമാണ്.

1. സംസ്ഥാനത്തെ എക്സൈസ് വകുപ്പ് ലൈസൻസ് നൽകിയിട്ടുള്ള എല്ലാ ലൈസൻസ് സ്ഥാപനങ്ങളിൽ നിന്നും സാമ്പിൾ ശേഖരിച്ച് പരിശോധന നടത്തുന്നതിന് പുതുതായി അനുവദിച്ച മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബിനെ അധികാരപ്പെടുത്തിയിരിക്കുന്നു.
2. മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബിൽ കെമിക്കൽ ലാബിലെ ഉദ്യോഗസ്ഥർക്ക് പുറമെ ഒരു എക്സൈസ് സർക്കിൾ ഇൻസ്പെക്ടർ / എക്സൈസ് ഇൻസ്പെക്ടർ, ഒരു സിവിൽ എക്സൈസ് ഓഫീസർ, ഒരു ഡ്രൈവർ എന്നുവർ ഉണ്ടായിരിക്കേണ്ടതാണ്.
3. മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബിലെ എക്സൈസ് ഉദ്യോഗസ്ഥർ ഔദ്യോഗികവേഷത്തിലായിരിക്കണം ജോലി ചെയ്യേണ്ടത്.
4. മൊബൈൽ ലാബിൽ സൂക്ഷിച്ചിട്ടുള്ള ബോട്ടിലിൽ മദ്യത്തിന്റെ സാമ്പിൾ ബന്ധപ്പെട്ട ഷാപ്പിന്റെ ലൈസൻസിയുടെയോ/ചുമതലക്കാരന്റെയോ സാന്നിദ്ധ്യത്തിൽ മഹസ്സർ തയ്യാറാക്കി ശേഖരിക്കേണ്ടതാണ്. തുടർന്ന് ടി സാമ്പിൾ മൊബൈൽ ലാബിലെ ബന്ധപ്പെട്ട ഉദ്യോഗസ്ഥന് കൈമാറേണ്ടതുമാണ്.
5. ടി സ്ഥലത്ത് പാർക്ക് ചെയ്തിട്ടുള്ള മൊബൈൽ ലാബിൽ വച്ചുതന്നെ ടി മദ്യത്തിന്റെ സാമ്പിൾ പരിശോധിക്കേണ്ടതാണ്. ടി മദ്യത്തിൽ ഈഥൈൽ ആൽക്കഹോളിന്റെ അളവ് അബ്കാരി നിയമങ്ങൾക്കും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന പരിധി ലംഘിക്കുന്നുണ്ടോയെന്നും, മെത്തനോൾ പോലുള്ള മനുഷ്യശരീരത്തിന് ഹാനികരമായ വിഷ വസ്തുക്കൾ ചേർത്തിട്ടുണ്ടോയെന്നും പരിശോധിക്കേണ്ടതാണ്.
6. പരിശോധനയിൽ, ടി മദ്യത്തിൽ ഈഥൈൽ ആൽക്കഹോളിന്റെ അളവ് അബ്കാരി നിയമങ്ങൾക്കും ചട്ടങ്ങളിലും പ്രതിപാദിക്കുന്ന പരിധി ലംഘിക്കുകയോ, മെത്തനോൾ പോലുള്ള മനുഷ്യശരീരത്തിന് ഹാനികരമായ മറ്റ് വസ്തുക്കൾ ചേർത്തിരിക്കുകയോ ചെയ്തിട്ടുണ്ടെന്ന്

മൊബൈൽ ലാബിലെ ഉദ്യോഗസ്ഥൻ രേഖാമൂലം അറിയിക്കുകയാണെങ്കിൽ ടി ഷാപ്പിലെ വില്പന മരവിപ്പിച്ച ശേഷം ബന്ധപ്പെട്ട എക്സൈസ് സർക്കിൾ ഓഫീസ്/ എക്സൈസ് റെയിഞ്ച് ഓഫീസ് എന്നിവിടങ്ങളിലെ ഉദ്യോഗസ്ഥരെ, അടിയന്തിരമായി വിളിച്ചുവരുത്തി നിയമപരമായി സാമ്പിൾ ശേഖരിക്കേണ്ടതും ബന്ധപ്പെട്ട ഗവൺമെന്റ് രാസപരിശോധനാ ശാലയിലേയ്ക്കയക്കേണ്ടതുമാണ്.

7. ഇത്തരത്തിൽ ആരോഗ്യത്തിന് ഹാനികരമായ മദ്യം വിൽക്കുന്നുണ്ടെന്ന് പ്രാഥമികമായി തെളിയിക്കപ്പെട്ടാൽ ടി ഷാപ്പിൽ സൂക്ഷിച്ചിട്ടുള്ള മദ്യത്തിന്റെ വില്പന മരവിപ്പിച്ച് ടി ഷാപ്പിന്റെ പ്രവർത്തനം താൽക്കാലികമായി നിർത്തലാക്കുകയും ഗവൺമെന്റ് രാസപരിശോധനാശാലയിൽ നിന്ന് രാസപരിശോധന സർട്ടിഫിക്കറ്റ് ലഭിച്ചതിനുശേഷം മാത്രം ടി ഷാപ്പ് തുറന്ന് പ്രവർത്തിക്കുകയോ നിയമപരമായ തുടർ നടപടികൾ സ്വീകരിക്കുകയോ ചെയ്യേണ്ടതുമാണ്.

8. സാമ്പിൾ ശേഖരണവും രാസപരിശോധനയും യാതൊരു വിധത്തിലുള്ള പരാതികൾക്കും ഇടവരുത്തരുത്.

9. മൊബൈൽ ലിക്വർ ടെസ്റ്റിംഗ് ലാബിന്റെ ചുമതല വഹിക്കുന്ന മൂന്ന് മേഖല ജോയിന്റ് എക്സൈസ് കമ്മീഷണർമാരും ടി ലാബിന്റെ പ്രവർത്തനം സംബന്ധിച്ചുള്ള മാസാവലോകന റിപ്പോർട്ട് എല്ലാ മാസവും ആദ്യ ആഴ്ചയ്ക്കുള്ളിൽ തന്നെ ഹാജരാക്കേണ്ടതാണ്.

എക്സൈസ് കമ്മീഷണർ